LIBRARY ARCHIVES Kerala Legislative Assembly

പ്ലാനിംഗ് ആക്ട്-1120 (ME)-ലെ ട്രാവൻകൂർ ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ട്, 1920-ലെ മദ്രാസ് ടൗൺ പ്ലാനിംഗ് ആക്ട് എന്നീ ആക്ടുകളാണ്. ഈ ആക്ടുകളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ മാസ്റ്റർ പ്ലാനുകളും വിശദനഗരാസൂത്രണ പദ്ധതികളും നിലനിന്നുപോരുന്നത്. 74-ാം ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം നിലവിൽ വന്നപ്പോൾ ജില്ലാ ആസൂത്രണ സമിതിക്കും മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റിക്കും വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരുന്നെങ്കിലും സ്ഥലാസൂത്രണ പ്രവർത്തനത്തെ സംബന്ധിച്ച് പ്രത്യേകമായ വ്യവസ്ഥകൾ പ്രസ്താവിച്ചിരുന്നില്ല. സിവിൽ റിട്ട് പെറ്റീഷൻ നമ്പർ 24526/2009-I, 22857/10F എന്നീ കേസുകളിൽ ബഹു. കേരള ഹൈക്കോടതി 9-1-2001-ൽ പുറപ്പെടുവിച്ച ഒരു വിധിന്യായത്തിൽ 1108-ലെ ടൗൺ പ്ലാനിംഗ് ആക്ടിലെയും 1920-ലെ മദ്രാസ് ടൗൺ പ്ലാനിംഗ് ആക്ടിലെയും വ്യവസ്ഥകൾ ഭരണഘടനാ വിരുദ്ധമാണെന്നും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വ്യവസ്ഥകളുമായി പൊരുത്തമില്ലാത്തതാണെന്നും പ്രസ്താവിച്ചിരുന്നു. ഈ വിധിന്യായത്തിനെതിരെ സമർപ്പിച്ച റിട്ട് അപ്പീൽ പരിഗണിക്കവേ, കേരള സർക്കാർ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്ന കേരള നഗര ഗ്രാമാസൂത്രണ നിയമം സമയബന്ധിതമായി കൊണ്ടു വരണമെന്ന് ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. ആയതുപ്രകാരം ഭരണവകുപ്പ് ഇത് സംബന്ധിച്ച് നയപരമായ തീരുമാനമെടുക്കുകയും പ്രസ്തുത നിയമനിർമ്മാണം നടത്തുവാൻ നിർദ്ദേശിച്ചിരുന്നതിന്റെയും അടിസ്ഥാനത്തിലാണ് കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് തയ്യാറാക്കിയത്.

(ബി) നഗരസഭകളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന പദ്ധതിയുടെ ആദ്യഘട്ടത്തിൽ 32 മാസ്റ്റർ പ്ലാനുകളാണ് ഉൾപ്പെടുത്തിയിരുന്നത്. ഈ മാസ്റ്റർ പ്ലാനുകളുടെ സ്റ്റേജ് അനുബന്ധമായി ചേർക്കുന്നു.*

കേരള ടൗൺ & കൺട്രി പ്ലാനിംഗ് ഓർഡിനൻസിലെ വ്യവസ്ഥകൾ

168 (1606) ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് ഓർഡിനൻസിലെ പ്രധാനപ്പെട്ട വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ബി) കേരള ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് ഓർഡിനൻസിൽ കേന്ദ്ര സർക്കാരിന്റെ ശിപാർശകൾ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ; എങ്കിൽ അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന നഗര-ഗ്രാമാസൂത്രണ കമ്മീഷന്റെ രൂപീകരണം, സംസ്ഥാനത്തിനു വേണ്ടിയും ജില്ലയ്ക്കുവേണ്ടിയും മെട്രോപൊളിറ്റൻ പ്രദേശത്തിലുമുള്ള ദീർഘ വീക്ഷണ പ്ലാനുകൾ, എക്സ്റ്റിക്യൂഷൻ പ്ലാനുകൾ എന്നിവയുടെ തയ്യാറാക്കൽ, മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ, വിശദമായ നഗരാസൂത്രണ പദ്ധതികൾ തയ്യാറാക്കൽ, അവയ്ക്ക് അനുമതിയായുള്ള ഭൂവിനിയോഗവും വികസനവും വികസന അതോറിറ്റികളുടെ രൂപീകരണം, കേരള അർബൻ ആർട്ട് കമ്മീഷന്റെ രൂപീകരണം എന്നിവയാണ് കേരള ടൗൺ & കൺട്രി പ്ലാനിംഗ് ഓർഡിനൻസിലെ പ്രധാനപ്പെട്ട വ്യവസ്ഥകൾ.

(ബി) കേരള ടൗൺ & കൺട്രി പ്ലാനിംഗ് ഓർഡിനൻസിൽ കേന്ദ്ര സർക്കാരിന്റെ ശിപാർശകൾ ഉൾക്കൊള്ളിച്ചിട്ടില്ല.

കേരള ടൗൺ & കൺട്രി പ്ലാനിംഗ് ഓർഡിനൻസ്

169 (1607) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് പ്രകാരം മാസ്റ്റർ പ്ലാൻ ആരാണ് തയ്യാറാക്കേണ്ടത് ; ആയതിന്റെ നിയമപരമായ പ്രക്രിയ വിശദമാക്കാമോ ;

(ബി) പ്രസ്തുത ഓർഡിനൻസിൽ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ എക്സ്റ്റിക്യൂഷൻ പ്ലാൻ ആരാണ് തയ്യാറാക്കേണ്ടത് ; ആയതിന്റെ നിയമപരമായ പ്രക്രിയ വിശദമാക്കാമോ ?

ഉത്തരം

(എ) I. ഒരു മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമ പഞ്ചായത്തിനോ, ഏതു സമയത്തും, പ്രമേയംവഴി, ഒരു തദ്ദേശ പ്രദേശത്തിനോ അതിന്റെ ഭാഗത്തിനോ വേണ്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനോ സ്വീകരിക്കുന്നതിനോ തീരുമാനിക്കാവുന്നതും ആയതിന്റെ ഉദ്ദേശ്യം ഔദ്യോഗിക ഗസറ്റിലും വിപുല പ്രചാരമുള്ള ഏറ്റവും കുറഞ്ഞത് ഒരു വർത്തമാനപത്രത്തിലും നിർണ്ണയിക്കപ്പെട്ട രീതിയിൽ പരസ്യപ്പെടുത്തേണ്ടതും അങ്ങനെയുള്ള വിജ്ഞാപനം തദ്ദേശാസൂത്രണ പ്രദേശത്തിന്റെയോ അതിന്റെ ഭാഗത്തിന്റെയോ അതിർത്തികളും ഏത് ആവശ്യത്തിനുവേണ്ടിയാണ് അങ്ങനെയുള്ള പ്ലാൻ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നതെന്നും പ്രസ്താവിക്കേണ്ടതുമാണ്.